കേരള സർക്കാർ

ധനകാര്യ (റൂൾസ്-ബി) വകുപ്പ്

# സർക്കുലർ

നമ്പർ 22/2018/ധന. *തിരുവനന്തപുരം, 2018 മാർച്ച് 28.*

വിഷയം:—കേരളാ സർവ്വീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം XII A-യും അനുബന്ധം XII C-യും ചട്ടങ്ങൾ പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:—1-12-2012-ലെ സ. ഉ. (പി) നമ്പർ 656/2012/ധന.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം, കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A-യും അനുബന്ധം XII C-യും ചട്ടങ്ങൾ അനുസരിച്ച്, നിലവിലുള്ള അവധി ദീർഘിപ്പിച്ച് നൽകുന്നതുൾപ്പെടെ, ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം വകുപ്പദ്ധ്യക്ഷൻമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ അവധി അപേക്ഷകളിന്മേൽ ബന്ധപ്പെട്ട അധികാരികൾ യഥാസമയം നടപടികൾ സ്വീകരിക്കാത്തത് കാരണം ഉദ്യോഗസ്ഥർ അവധി അനുവദിച്ച് ഉത്തരവാകുംമുൻപ് അവധിയിൽ പ്രവേശിക്കുന്നതായും മുൻകാല പ്രാബല്യത്തിൽ അവധി അനുവദിക്കുന്നതിനായി അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്കയക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, കേരളാ സർവ്വീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം XII A-യും അനുബന്ധം XII C-യും ചട്ടങ്ങൾ അനുസരിച്ച് ശൂന്യവേതനാവധിക്ക് അപേക്ഷിക്കുന്നത് സംബന്ധിച്ചും ആയത് അനുവദിക്കുന്നത് സംബന്ധിച്ചും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അവധി അപേക്ഷകൻ എല്ലാ കോളങ്ങളും പൂരിപ്പിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അവധി അപേക്ഷ (കെ.എസ്.ആർ. ഭാഗം I, ഫോം നമ്പർ 13) അവധി ആരംഭിക്കുന്നതിന് കുറഞ്ഞത് മൂന്ന് മാസം മുൻപ് നിയന്ത്രണാധികാരിക്ക്/ഓഫീസ് തലവന് സമർപ്പിക്കേണ്ടതാണ്.

GCPT. 4/1283/2018/S-2.

2. അവധി അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ നിയന്ത്രണാധികാരി/ ഓഫീസ് തലവൻ അപേക്ഷ പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം മേലുദ്യോഗസ്ഥന് തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതാണ്.

3. വകുപ്പദ്ധ്യക്ഷന്മാർ അവധി അപേക്ഷകൾ ലഭിച്ച് ഒരു മാസത്തിനുള്ളിൽ നടപടി പൂർത്തിയാക്കി അവധി അപേക്ഷയിന്മേൽ തീരുമാനമെടുക്കേണ്ടതും ആയത് ഉടൻതന്നെ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. സർക്കാർ അനുമതി ആവശ്യമുള്ള അപേക്ഷയാണെങ്കിൽ അവധി അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ വ്യക്തമായ ശുപാർശ സഹിതം പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ, അവധി ആരംഭിക്കുന്നതിന് 15 ദിവസത്തിന് മുമ്പായി അന്തിമ തീരുമാനം എടുത്ത് അപേക്ഷകനെ അറിയിക്കേണ്ടതാണ്.

4. അവധി അപേക്ഷ സമർപ്പിച്ചുവെന്ന കാരണത്താൽ അവധി അനുവദിച്ച് കിട്ടുന്നതിന് മുൻപ് ഉദ്യോഗസ്ഥർ ഒരു കാരണവശാലും അവധിയിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല. കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A/അനുബന്ധം XII C ചട്ടങ്ങൾ അനുസരിച്ചുള്ള ശൂന്യവേതനാവധി അനുവദിച്ച് ലഭിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കെതിരെ കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A ചട്ടം 9/അനുബന്ധം XII C ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഡോ. ഷർമിള മേരി ജോസഫ്,
*എക്സ്പെൻഡിച്ചർ സെക്രട്ടറി (ധനകാര്യം).*

*പകർപ്പ്:—*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും, ഓഫീസുകൾക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ.

നോഡൽ ഓഫീസർ, www.finance.kerala.gov.in

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 562748).

---